# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1566 13/06/2014 ൽ മറുപടിക്ക്**

## പഞ്ചായത്തുകളിലെ കളിസ്ഥലനിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.എൻ.എ. ഖാദർ: | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | എല്ലാ പഞ്ചായത്തുകളിലും ഓരോ കളിസ്ഥലം നിർമ്മിക്കുവാനും കായികസമുച്ചയം രൂപപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ; | (എ) | എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു വാർഡിൽ ഒരു കളിസ്ഥലം എന്ന നിലയ്ക്ക് നിർമ്മിക്കുന്നതിന് സ്പോർട്സ് യുവജനക്ഷേമ വകുപ്പ് മുഖേന കായിക പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ഗ്രാമ പഞ്ചായത്തിന് എസ്റ്റിമേറ്റ് തുകയുടെ 50% ധനസഹായമായി നൽകുന്ന തരത്തിൽ ആകെ മൂന്നുകോടി രൂപ മാച്ചിംഗ് ഗ്രാന്റിനത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിൽ ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ നിലവാരമുള്ള കളിസ്ഥലം ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | മറ്റിടങ്ങളിൽ അവ നിർമ്മിക്കുന്നതിന്, പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ ; | (സി) | ആവശ്യാനുസരണം ഇക്കാര്യം പരിശോധിക്കുന്നതാണ് |

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ആദ്യഘട്ടമായി സ്പോർട്സ് & യൂത്ത് അഫയേഴ്സ് വകുപ്പ് ഡയറക്ടർ 43 ഗ്രാമ പഞ്ചായത്തുകൾക്ക് തുക അനുവദിച്ചു. ഇതിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ അനുവദിക്കപ്പെട്ട 10,00,000/- രൂപ എറണാകുളം ജില്ല യിലെ ചോറ്റാനിക്കര ഗ്രാമപഞ്ചാ യത്ത് തിരികെ ഒടുക്കിയതിനെ ത്തുടർന്ന് പ്രസ്തുത തുക എറണാ കുളം ജില്ലാപഞ്ചായത്തിന് അനുവദി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ